REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 01-10-2023 സമയം 06.45 AM

## പ്രധാന വാർത്തകൾ

- പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ആഹ്വാനപ്രകാരം ഇന്ന് രാവിലെ പത്തിന് രാജ്യത്ത് മെഗാ ശുചീകരണ യജ്ഞം.
- തദ്ദേശ ഭരണ വകുപ്പ് കുടുംബശ്രീയുമായി ചേർന്ന് നടപ്പാക്കുന്ന തിരികെ സ്കൂളിൽ ക്യാമ്പയിൻ തൃത്താലയിൽ മന്ത്രി M.B രാജേഷ് ഉദ്ഘാടനം ചെയ്യും.
- പ്രശസ്ത കാർട്ടൂണിസ്റ്റും ഹാസ സാഹിത്യകാരനുമായ സുകുമാർ കൊച്ചിയിൽ അന്തരിച്ചു.
- ഹാങ്ഷു ഏഷ്യൻ ഗെയിംസിൽ ഇന്ത്യ 10 സ്വർണവും 14 വെള്ളിയും 14 വെങ്കലവുമായി നാലാം സ്ഥാനത്ത് തുടരുന്നു.
- ISL ഫുട്ബോളിൽ കൊച്ചിയിൽ ഇന്ന് കേരളാ ബ്ലാസ്റ്റേഴ്സ്, ജംഷഡ്പൂർ FC-യെ നേരിടും.

## വാർത്തകൾ വിശദമായി

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ആഹ്വാനപ്രകാരം ഇന്ന് രാജ്യത്ത് മെഗാ ശുചീകരണ യജ്ഞം. രാവിലെ 10 ന് മഹാത്മാ ഗാന്ധിയോട് ആദരവ് അർപ്പിച്ച്, നാളത്തെ ഗാന്ധിജയന്തി ദിനാഘോഷത്തിന്റെ മുന്നോടിയായി ഇന്ന്, ഒരു മണിക്കൂർ ശ്രമദാന ശുചീകരണ യജ്ഞത്തിൽ പങ്കാളികളാകാൻ പ്രധാനമന്ത്രി അഭ്യർത്ഥിച്ചിരുന്നു. ഇക്കഴിഞ്ഞ മൻ കി ബാത് പരിപാടിയിലാണ് സ്വച്ഛതാ ഹി സേവാ യജ്ഞത്തിന്റെ

പ്രാധന്യത്തെ കുറിച്ച്- പ്രധാനമന്ത്രി ജനങ്ങളുമായി സംവദിച്ചത്.

രാജ്യ ശുചീകരണത്തിനായി ഏക് തരീഖ് -ഏക് ഖണ്ട -ഏക് സാഥ് - *ഒരു ദിവസം, ഒരു മണിക്കൂർ, എല്ലാവരും ഒന്നിച്ച്,* എന്ന ദൗത്യം ലോകത്തെ ഏറ്റവും വലിയ സേവന പ്രവർത്തനമായി മാറ്റണമെന്ന് പ്രധാനമന്ത്രി ആഹ്വാനം ചെയ്തു. നഗരങ്ങളിലും ഗ്രാമങ്ങളിലുമായി ആറു ലക്ഷത്തി 40,000 ത്തിലധികം കേന്ദ്രങ്ങളിൽ മെഗാ ശുചീകരണ യജ്ഞത്തിന്റെ ഭാഗമായി ശ്രമദാനം നടക്കും.

മാർക്കറ്റുകൾ, റെയിൽവെ ട്രാക്, ജലാശയങ്ങൾ, വിനോദ സഞ്ചാര കേന്ദ്രങ്ങൾ, ആരാധനാലയങ്ങൾ തുടങ്ങിയ സ്ഥലങ്ങളിലെ ശുചീകരണത്തിൽ വിവിധ മേഖലകളിൽ പ്രവർത്തിക്കുന്നവർ പങ്കാളികളാകും. റസിഡന്റ്സ് അസോസിയേഷനുകളുടെ നേതൃത്വത്തിൽ ഒരു ലക്ഷത്തിലധികം റസിഡൻഷ്യൽ കേന്ദ്രങ്ങളിലും ശുചീകരണ ശ്രമദാനം നടക്കും.

രാജ്യത്തെ ഗ്രാമീണ മേഖലയിലെ 35,000 ത്തോളം അങ്കണവാടികൾ കേന്ദ്രീകരിച്ചും ശുചീകരണ പ്രവർത്തനം ഉണ്ടായിരിക്കും.

കര - വ്യോമ- നാവിക സേനാംഗങ്ങളും വിവിധയിടങ്ങളിൽ ജനങ്ങളോടൊപ്പം ശുചീകരണ ശ്രമദാനത്തിൽ പങ്കാളികളാകും. ശുചീകരണ കേന്ദ്രങ്ങളിലെ സേവന പ്രവർത്തനം മൊബൈൽ ഫോണിൽ പകർത്തി സ്വച്ഛതാ ഹി സേവാ പോർട്ടലിൽ നൽകണമെന്ന് പ്രധാനമന്ത്രി പറഞ്ഞു.

സ്വച്ഛ്‌ത ഹി സേവാ പ്രചാരണ പരിപാടിയുടെ ഭാഗമായി പാർലമെന്ററികാര്യ മന്ത്രാലയത്തിന്റെ നേതൃത്വത്തിൽ ഇന്ന് ഏവരും ഒന്നിച്ച് ശുചീകരണ ദൗത്യം സംഘടിപ്പിക്കും. ന്യൂഡൽഹിയിലെ നവ്‌യുഗ് സ്കൂളിലും പരിസരത്തും ഇതോടനുബന്ധിച്ച് സേവാ പ്രവർത്തനങ്ങൾ നടത്തും.

സംസ്ഥാനത്ത് കായിക-യുവജനകാര്യ മന്ത്രാലയം സംഘടിപ്പിക്കുന്ന പരിപാടി വർക്കല ശിവഗിരി ഹയർസെക്കൻഡറി സ്കൂളിൽ രാവിലെ കേന്ദ്രസഹമന്ത്രി V.മുരളീധരൻ ഉദ്ഘാടനം ചെയ്യും. നൈപുണ്യ വികസന - സംരഭകത്വ മന്ത്രാലയവും നെഹ്റു യുവകേന്ദ്രയും ചേർന്നാണ് പരിപാടി സംഘടിപ്പിക്കുന്നത്.

✪✪✪

സ്വച്ഛതാ ഹി സേവ യുടെ ഭാഗമായി ഇന്ന് കണ്ണൂർ റെയിൽവേ സ്റ്റേഷനിൽ വിവിധ കോളേജുകളിലെ NSS വളണ്ടിയർമാരും പ്രോഗ്രാം ഓഫീസർമാരും ശുചീകരണ യജ്ഞത്തിൽ പങ്കെടുക്കും. റെയിൽവേയിലെ ഉയർന്ന ഉദ്യോഗസ്ഥരും സംബന്ധിക്കും.

ഒരു മണിക്കൂർ ശ്രമദാനത്തിനുശേഷം വിദ്യാർത്ഥികളുടെ കലാപരിപാടികളും ഉണ്ടാകും.

✪✪✪

സ്വച്ഛതാ ക്യാമ്പയിന്റെ ഭാഗമായി കാസർകോട്ട്, തിരുവനന്തപുരം- വന്ദേഭാരത് എക്സ്പ്രസ് ട്രെയിൻ ഉച്ചയ്ക്ക് ശുചീകരിക്കും. കാസർകോട് റെയിൽവെ സ്റ്റേഷനിൽ

ട്രെയിനിന്റെ 16 കോച്ചിലും മൂന്ന് പേരെ വീതം ശുചീകരണത്തിന് നിയോഗിച്ചിട്ടുണ്ട്.

✪✪✪

തദ്ദേശ ഭരണ വകുപ്പ് കുടുംബശ്രീ സംസ്ഥാന മിഷന്റെ ആഭിമുഖ്യത്തിൽ നടപ്പാക്കുന്ന തിരികെ സ്കൂളിൽ ക്യാമ്പയിന്റെ സംസ്ഥാനതല പരിപാടി രാവിലെ തൃത്താലയിൽ മന്ത്രി M.B രാജേഷ് ഉദ്ഘാടനം ചെയ്യും. കുടുംബശ്രീ ത്രിതല സംഘടനാ സംവിധാനം ശക്തിപ്പെടുത്താൻ ലക്ഷ്യമിട്ട് സംസ്ഥാനത്തെ 46 ലക്ഷം അയൽക്കൂട്ട അംഗങ്ങൾക്കും വിദഗ്ധ പരിശീലനം നൽകുന്നതാണ് പദ്ധതി.

സ്കൂൾ വിദ്യാഭ്യാസ കാലം പുനഃരവതരിപ്പിക്കുന്ന മാതൃകയിലാണ് പരിശീലനം. വിദ്യാഭ്യാസ വകുപ്പുമായി സഹകരിച്ച് അവധി ദിവസങ്ങളിൽ സ്കൂളുകളിലെ ക്ലാസ് മുറികളിലായിരിക്കും പരിശിലനം.

CDS റിസോഴ്സ് പേഴ്സൺസ്, പരിശീലന ഗ്രൂപ്പ് അംഗങ്ങൾ, ജില്ലാ മിഷൻ ജീവനക്കാർ, കുടുംബശ്രീ, സ്നേഹിത ഉദ്യോഗസ്ഥർ, തുടങ്ങിയവർ ഓരോ ദിവസത്തെ ക്യാമ്പയിനിലും പങ്കെടുക്കും. ഡിസംബർ പത്ത് വരെയാണ് പരിപാടി. ഇന്ന് സംസ്ഥാനത്തെ 870 സ്കൂളുകളിൽ നടത്തുന്ന ക്യാമ്പയിനിൽ 8,700 ഓളം കുടുംബശ്രീ അംഗങ്ങൾ പങ്കെടുക്കും.

✪✪✪

SSLC പരീക്ഷാർത്ഥികൾക്കായി ആകാശവാണി കണ്ണൂർ നിലയത്തിന്റെ റേഡിയോ ടീച്ചർ പ്രക്ഷേപണ പരമ്പര ഇന്ന്

ആരംഭിക്കും. ഇന്ന് മുതൽ 2024 ഫെബ്രുവരി 29 വരെ എല്ലാ ദിവസവും രാത്രി 8 മണിക്കാണ് പ്രക്ഷേപണം. ഓരോ വിഷയത്തിലെയും സാധ്യതാ ചോദ്യങ്ങൾ ഉൾക്കൊള്ളിച്ച് അധ്യാപകരെയും പത്താം ക്ലാസിലെ രണ്ട് കുട്ടികളടങ്ങുന്ന ടീമുകളെയും ചേർത്താണ് പരിപാടി. ആകാശവാണി കണ്ണൂർ എന്ന യുട്യൂബ് ചാനലിലും ഒഫീഷ്യൽ വാട്സാപ്പ് ഗ്രൂപ്പിലും പ്രക്ഷേപണം കഴിഞ്ഞ പ്രശ്നോത്തരിയുടെ ശബ്ദലേഖനം കേൾക്കാം.

✪✪✪

ഇന്ത്യയുടെ സൗര ദൗത്യം ആദിത്യ L-1 ഭൂമിയുടെ ആകർഷണ വലയത്തിൽ നിന്ന് പുറത്തു കടന്നു. ഇപ്പോൾ ഭൂമിയിൽ നിന്ന് 9.2 ലക്ഷം കിലോമീറ്റർ അകലെയാണ് ആദിത്യ. ഭൂമിയിൽ നിന്ന് 15 ലക്ഷം കിലോമീറ്റർ അകലെ ലെഗ്രാഞ്ച് പോയിന്റിലേക്കാണ് ആദിത്യ സഞ്ചരിച്ചുകൊണ്ടിരിക്കുന്നത്.

✪✪✪

വാണിജ്യ LPG സിലിണ്ടർ വില 174 രൂപ 50 പൈസ വർദ്ധിപ്പിച്ചു. അന്താരാഷ്ട്ര വിപണിയിൽ അസംസ്കൃത എണ്ണ വില ഉയർന്ന സാഹചര്യത്തിലാണ് വിലവർദ്ധന.

✪✪✪

ഇന്ന് ലോക വയോജന ദിനം. "മാറിക്കൊണ്ടിരിക്കുന്ന ലോകത്ത് പ്രായമായവരുടെ പ്രതിരോധം" എന്നതാണ് ഈ വർഷത്തെ വയോജന ദിനാചരണ പ്രമേയം.

മുതിർന്ന പൗരന്മാരുടെ എണ്ണം വർദ്ധിക്കുന്ന സാഹചര്യത്തിൽ അവർക്ക് കൂടുതൽ പരിരക്ഷയും ശ്രദ്ധയും നൽകുന്നതിന്റെ ആവശ്യകത ജനങ്ങളെ ബോധ്യപ്പെടുത്താനാണ് ഐക്യരാഷ്ട്ര സംഘടന ഒക്ടോബർ ഒന്ന് ലോക വയോജന ദിനമായി പ്രഖ്യാപിച്ചത്.

✪✪✪

പ്രശസ്ത കാർട്ടൂണിസ്റ്റും ഹാസ സാഹിത്യകാരനുമായ സുകുമാർ കൊച്ചിയിൽ അന്തരിച്ചു. അദ്ദേഹത്തിന് 91 വയസ്സായിരുന്നു. വാർദ്ധക്യ സഹജമായ അസുഖങ്ങളെ തുടർന്നായിരുന്നു ഇന്നലെ രാത്രി അദ്ദേഹത്തിന്റെ അന്ത്യം.

കേരള കാർട്ടൂൺ അക്കാദമിയുടെ സ്ഥാപകനാണ്. അക്കാദമി വൈസ് ചെയർമാനായും, സെക്രട്ടറിയായും പ്രവർത്തിച്ചു. കഥ, കവിത, നോവൽ,നാടകം ഉൾപ്പെടെ നാല്പതിലധികം പുസ്തകങ്ങൾ സുകുമാർ എഴുതിയിട്ടുണ്ട്.

ഹാസ സാഹിത്യത്തിന് കേരള സാഹിത്യ അക്കാദമി അവാർഡ്, E.V സ്മാരക സമിതി അവാർഡ് ഉൾപ്പെടെ നിരവധി പുരസ്കാരങ്ങൾ നേടി.

✪✪✪

മുഖ്യമന്ത്രിയുടേയും മന്ത്രിമാരുടേയും നേതൃത്വത്തിൽ കോഴിക്കോട്, കണ്ണൂർ, വയനാട്, കാസർകോട് ജില്ലകളുടെ അവലോകന യോഗം ഈ മാസം അഞ്ചിന് കോഴിക്കോട് ചെറുവണ്ണൂർ മറീന കൺവൻഷൻ സെന്ററിൽ നടത്തും.

രാവിലെ മുതൽ ഉച്ചവരെ പ്രമുഖ പദ്ധതികളുടേയും പരിപാടികളുടേയും അവലോകനമാണ്. വൈകീട്ട് മൂന്നര മുതൽ അഞ്ച് വരെ പൊലീസ് ഓഫീസർമാരുടെ യോഗം ചേർന്ന് ക്രമസമാധാന പ്രശ്നങ്ങൾ അവലോകനം ചെയ്യും.

✪✪✪

ബസ്സുകളിൽ ക്യാമറ ഘടിപ്പിക്കുന്നതിന് സമയ പരിധി ഈ മാസം 31 വരെ നീട്ടി. ക്യാമറകളുടെ ലഭ്യതക്കുറവ് പരിഗണിച്ച് സമയം നീട്ടി നൽകണമെന്ന KSRTC യുടെയും സ്വകാര്യ ബസ്സുടമകളുടെയും ആവശ്യം പരിഗണിച്ചാണ് തീരുമാനമെന്ന് മന്ത്രി ആന്റണി രാജു തിരുവനന്തപുരത്ത് അറിയിച്ചു. ഇന്നലെ വരെയായിരുന്നു ക്യാമറ ഘടിപ്പിക്കാൻ സമയം നൽകിയിരുന്നത്.

✪✪✪

ഹാങ്ഷു ഏഷ്യൻ ഗെയിംസിൽ ഏഴ് ദിവസത്തെ മത്സരങ്ങൾ പിന്നിട്ടപ്പോൾ ഇന്ത്യ 10 സ്വർണവും 14 വെള്ളിയും 14 വെങ്കലവുമായി നാലാം സ്ഥാനത്ത് തുടരുകയാണ്.

ഇന്നലെ മിക്സഡ് ഡബിൾസ് ടെന്നീസിൽ രോഹൻ ബൊപ്പണ്ണ - റിതുജ ഭോസ്-ലെ സഖ്യവും, സ്ക്വാഷ് ടീം ഇനത്തിൽ സൗരവ് ഘോസാൽ, അഭയ് സിംഗ്, മഹേഷ് മങ്കോൺകർ, കൂട്ടുകെട്ടും സ്വർണം നേടി.

ഇന്ന് ഇന്ത്യൻ പുരുഷ ബാഡ്മിന്റൺ ടീം ഫൈനലിൽ ചൈനയെ നേരിടും. സെമിയിൽ ഇന്നലെ കൊറിയയെ തോൽപ്പിച്ചാണ് ഇന്ത്യ ഫൈനലിസ്റ്റുകളായത്.

ബോക്സിംഗിൽ പ്രീതിയും, ലോവ്-ലിന ബൊർഗോഹെയിനും സെമിയിൽ കടന്ന് മെഡൽ ഉറപ്പിച്ചു. നിഖാത് സറീനും സെമിയിൽ പ്രവേശിച്ചു. അത്-ലറ്റിക്സിൽ വനിതകളുടെ ലോംഗ്ജമ്പ്, ഹെപ്റ്റാതലോൺ, 800 മീറ്റർ ഡിസ്കസ് ത്രോ, 1,500 മീറ്റർ ഫൈനലുകൾ ഇന്നാണ്. പുരുഷ ഷോട്ട്പുട്ട്, 3,000 മീറ്റർ സ്റ്റീപ്പിൾ ചെയ്സ് മത്സരങ്ങളും ഇന്നു നടക്കും.

✪✪✪

ISL ഫുട്ബോളിൽ കൊച്ചിയിൽ ഇന്ന് കേരളാ ബ്ലാസ്റ്റേഴ്സ്, ജംഷഡ്പൂർ FC-യെ നേരിടും. രാത്രി എട്ടിന് ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിലാണ് മത്സരം. കളി കാണാൻ എത്തുന്നവരുടെ സൗകര്യാർത്ഥം JLN സ്റ്റേഡിയം മെട്രോ സ്റ്റേഷനിൽ നിന്ന് അധിക സർവ്വീസുകൾ ഏർപ്പെടുത്തി. രാത്രി പത്ത് മുതൽ ടിക്കറ്റ് നിരക്കിൽ 50 ശതമാനം ഇളവ് ഉണ്ടായിരിക്കും.

ഇന്നലെ കൊൽക്കത്തിയിലെ മത്സരത്തിൽ ഈസ്റ്റ് ബംഗാൾ - ഹൈദരാബാദ് FC യെ 2-1ന് തോൽപ്പിച്ചു.

✪✪✪

സാഫ് അണ്ടർ - 19 ഫുട്ബോൾ ചാമ്പ്യൻഷിപ്പ് ഇന്ത്യയ്ക്ക്. ഇന്നലെ കാഠ്മണ്ഡുവിൽ പാകിസ്താനെ കലാശ മത്സരത്തിൽ മറുപടിയില്ലാത്ത മൂന്ന് ഗോളിനാണ് ഇന്ത്യ തോൽപ്പിച്ച് കിരീടം നേടിയത്. ഇന്ത്യയുടെ തുടർച്ചയായ രണ്ടാം കിരീട നേട്ടമാണിത്.

✪✪✪

IPL മാതൃകയിൽ പിറവം മൂവാറ്റുപുഴ ആറിൽ സംഘടിപ്പിച്ച ചാമ്പ്യൻസ്  ബോട്ട് ലീഗ് മൂന്നാം സീസൺ  അപൂർവ ടൈയ്ക്ക് വേദിയായി. പള്ളാത്തുരുത്തി ബോട്ട് ക്ലബിന്റെ വീയപുരവും, UBC കൈനകരി തുഴഞ്ഞ നടുഭാഗം ചുണ്ടനും, 4മിനിറ്റ് 16 സെക്കന്റ് 5 മൈക്രോ സെക്കന്റ് എടുത്ത്  ഒരേ സമയം ഫിനിഷ് ചെയ്തു.

സെക്കന്റിനെ പതിനായിരമായി വിഭജിച്ചിട്ട്പോലും ഇരു ടീമുകളുടെയും സമയം തുല്യമായിരുന്നു.

പോലീസ് ബോട്ട് ക്ലബിന്റെ മഹാദേവിക്കാട് കാട്ടിൽ തെക്കേതിൽ മൂന്നാം സ്ഥാനത്ത് ഫിനിഷ് ചെയ്തു. അടുത്ത മത്സരം കോട്ടയം താഴത്തങ്ങാടിയിൽ ഈ മാസം ഏഴിനാണ്.

✪✪✪

സംസ്ഥാനത്ത് അടുത്ത നാല് ദിവസം കൂടി മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. അറബിക്കടലിലെ ന്യൂനമർദ്ദം തീവ്ര ന്യൂനമർദ്ദമായി മാറിയതുകൊണ്ടും ബംഗാൾ ഉൾക്കടലിനു മുകളിൽ മറ്റൊരു ന്യൂനമർദ്ദം രൂപപ്പെട്ടതുകൊണ്ടുമാണ് ശക്തമായ മഴ പ്രതീക്ഷിക്കുന്നത്.

ഇന്ന് അഞ്ച് ജില്ലകളിൽ മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്. ആലപ്പുഴ, എറണാകുളം, തൃശൂർ, കോഴിക്കോട്, കണ്ണൂർ ജില്ലകളിലാണ് ജാഗ്രത നൽകിയത്.

മലപ്പുറം ജില്ലയിലെ മലയോര മേഖലയിൽ ഇന്നലെ രാവിലെ തുടങ്ങിയ മഴ രാത്രിയും തുടർന്നു. നിലമ്പൂർ താലൂക്ക്

ഓഫീസിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂം തുറന്നു.

✪✪✪

കോട്ടയം ജില്ലയിൽ ശക്തമായ മഴ തുടരുന്ന സാഹചര്യത്തിൽ കല്ക്ട്രേറ്റുകളിലും താലൂക്ക് ഓഫീസുകളിലും 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂമുകൾ തുറന്നു. പ്രകൃതിക്ഷോഭ ദുരിത്വാശ്വാസ സേവനങ്ങൾക്കായി കൺട്രോൾ റൂമുകളുമായി ബന്ധപ്പെടാവുന്നതാണ്.

✪✪✪

NCC എറണാകുളം ഗ്രൂപ്പ് കമാൻഡറായി കമഡോർ സൈമൺ മത്തായി ചുമതല ഏറ്റു. INS ചമക്, INS മഗർ, INS രണ, INS രാജ്പുട്ട് എന്നീ നാവിക കപ്പലുകളുടെ കമാൻഡിങ് ഓഫീസറായി അദ്ദേഹം സേവനമനുഷ്ഠിച്ചിട്ടുണ്ട്. കുഴുപ്പിള്ളി സ്വദേശിയാണ്.

✪✪✪